പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

03.12.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1514

## മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി റെസ്ക്യൂ സ്ക്വാഡ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.എൻ.എ ഖാദർ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | കടലിലെ രക്ഷാപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിലേക്കായി മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി റെസ്ക്യൂ സ്ക്വാഡ് രൂപീകരിക്കപ്പെട്ടിട്ടുണ്ടോ ;വിശദമാക്കാമോ; | (എ) | 9 മറൈൻ ജില്ലകളിലായി തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനായി 7.15 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 60 മത്സ്യഗ്രാമങ്ങളിൽ നിന്നും 900 യോഗ്യരായ മത്സ്യത്തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ക്രീനിംഗ് ടെസ്റ്റ് കഴിഞ്ഞ് യോഗ്യരായവരെ ഗോവയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ കടൽ സുരക്ഷാ സ്ക്വാഡിനായുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഈ സ്ക്വാഡിന്റെ ഘടനയും പ്രവർത്തനങ്ങളും അറിയിക്കാമോ; മത്സ്യത്തൊഴിലാളികൾ കൂടാതെ ഈ സ്ക്വാഡിൽ ഉൾപ്പെട്ടിട്ടുള്ളത് ആരൊക്കെയാണ്; വ്യക്തമാക്കുമോ; | (ബി) | ഒരു മത്സ്യഗ്രാമത്തിൽ അവിടെ ലഭ്യമാകുന്ന 5 മത്സ്യബന്ധന യാനങ്ങളും, ഒരു യാനത്തിൽ 3 വീതം ആകെ 15 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നതാണ് ഒരു കടൽസുരക്ഷാ സ്ക്വാഡ്. മത്സ്യബന്ധന ഹാർബറുകളിൽ യന്ത്രവത്കൃത യാനങ്ങളും ലാന്റിംഗ് സെന്ററുകളിൽ പരമ്പരാഗത യാനങ്ങളുമാണ് ഇതിൽ ഉൾപ്പെടുന്നത്. മത്സ്യത്തൊഴിലാളികൾ മാത്രമായിരിക്കും ഇതിലെ അംഗങ്ങൾ. |
| (സി) | ഇവർക്ക് പരിശീലനം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; ഇവരുടെ നിയമന രീതിയും വേതന വ്യവസ്ഥകളും അറിയിക്കാമോ; ഇതിനായുള്ള ചെലവ് ഏത് ശീർഷകത്തിലാണ് വഹിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | ഗോവയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് ആണ് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം നൽകുന്നത്. 20 പേർ വീതം അടങ്ങുന്ന ബാച്ചുകളായിട്ടാണ് പരിശീലനത്തിനയക്കുന്നത്. ആദ്യ അഞ്ച് ബാച്ചുകളിലേക്കുമുള്ള സ്ക്രീനിംഗ് ടെസ്റ്റ് 30.11.2018, 01.12.2018 തീയതികളിൽ വെള്ളയമ്പലത്തുള്ള സ്പോർട്സ് ഡയറക്ടറുടെ |

| | | | |
|---|---|---|---|
| | | | കീഴിലുള്ള നീന്തൽക്കുളത്തിൽ വെച്ച് നടക്കുകയുണ്ടായി. ഗോവ ഇൻസ്റ്റിറ്റ്യൂട്ടിലെ നോഡൽ ഓഫീസറുടെ നേതൃത്വത്തിലാണ് ഇത് നടക്കുന്നത്.<br><br>ഓഖി പോലുള്ള അടിയന്തര സാഹചര്യങ്ങളിൽ രക്ഷാ പ്രവർത്തനം നടത്തുന്നതിന് ഇവരുടെ സേവനം ഉപയോഗപ്പെടുത്തുകയും അങ്ങനെ ഉപയോഗപ്പെടുത്തേണ്ടി വരുമ്പോൾ ആ കാലയളവിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം അവർക്ക് നൽകുന്നതുമാണ്. തെരഞ്ഞെടുക്കപ്പെടുന്ന യാനങ്ങളിൽ അത്യാവശ്യം വേണ്ട ജീവൻ സുരക്ഷാ ഉപകരണങ്ങളും കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും ലഭ്യമാക്കുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 7.15 കോടി രൂപ ഇതിനായി ഫിഷറീസ് ഡയറക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ